റേഷൻ കടകളുടെ അധുനികവൽക്കരണം

82 (1649) ശ്രീ. കെ. ബാബു :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി എല്ലാ റേഷൻ കടകളും ആധുനികവൽക്കരിക്കണമെന്ന ലക്ഷ്യം സാക്ഷാത്കരിക്കാനായോ ;

(ബി) ഇതിനായി എന്തൊക്കെ പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(സി) പൊതുവിതരണ സമ്പ്രദായത്തിന്റെ സുതാര്യതയും വിതരണ സേവനവും ഉറപ്പു വരുത്തുന്നതിന് ബയോമെട്രിക് അധിഷ്ഠിതമായ ഇ.പി.ഡി.എസ്. എല്ലാ റേഷൻ കടകളിലും നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ സംവിധാനം സംസ്ഥാനത്തുടനീളം പൂർണ്ണമായും എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) റേഷൻകട നവീകരണത്തിന്റെ ഒന്നാംഘട്ടം ആരംഭിച്ചത് 2008-2009 സാമ്പത്തിക വർഷമാണ്. ഒന്നാംഘട്ട നവീകരണത്തിന്റെ ഭാഗമായി സംസ്ഥാനമാകെ 270 റേഷൻകടകൾ നവീകരിക്കുകയുണ്ടായി. രണ്ടാംഘട്ട നവീകരണ പ്രവർത്തനത്തിലുൾപ്പെടുത്തി (2009-2010) സംസ്ഥാനമാകെ 200 റേഷൻകടകൾ നവീകരിച്ചിട്ടുണ്ട്. മൂന്നാംഘട്ട നവീകരണത്തിന്റെ ഭാഗമായി (2010-2011) സംസ്ഥാനമാകെ 200 റേഷൻകടകൾ കൂടി തെരഞ്ഞെടുത്തിട്ടുണ്ട്. അവ നവീകരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഈ കാലയളവിൽ സംസ്ഥാനത്ത് ആകെ 670 റേഷൻ കടകൾ നവീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ റേഷൻ കടകൾക്ക് ഒരു ഏകീകൃത മുഖച്ഛായ ഉണ്ടാക്കുന്നതിനും കടകൾ കൂടുതൽ ആകർഷണീയമാക്കി കൂടുതൽ ഉപഭോക്താക്കളെ റേഷൻ കടകളിലേക്ക് എത്തിക്കുന്നതിനുമാണ് റേഷൻ കടകളുടെ നവീകരണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കടകൾ ഒരേപോലെ ഇളംമഞ്ഞ നിറത്തിൽ പെയിന്റ് ചെയ്യുക, സ്റ്റോക്ക്/പ്രൈസ്/നോട്ടീസ് ബോർഡുകൾ സ്ഥാപിക്കുക, ഭക്ഷ്യധാന്യങ്ങളുടെ സാമ്പിൾ പ്രദർശിപ്പിക്കുക, കടകളിൽ ട്യൂബ് ലൈറ്റ്/സി.എഫ്.എൽ. വിളക്ക്, ഫാൻ എന്നിവ ഉപയോഗിക്കുക, ഇലക്ട്രോണിക് തൂക്ക മെഷീനുകൾ സ്ഥാപിക്കുക, പഴയ റെക്കാർഡുകൾ കടകളിൽ നിന്ന് മാറ്റി കടകൾ അറ്റകുറ്റപ്പണികൾ തീർത്ത് വൃത്തിയായി സൂക്ഷിക്കുക എന്നിവയാണ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ.

(സി&ഡി) പൊതുവിതരണരംഗത്ത് സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിന് ബയോമെട്രിക് അധിഷ്ഠിതമായ ഇ.പി.ഡി.എസ്. നടപ്പിലാക്കുന്നതു സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly